**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 510 — 07.01.2014-ലെ മറുപടിയ്ക്ക്

# നന്മ സ്റ്റോറുകൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര നന്മ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 2379 നന്മ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര നന്മ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമാണ് നിലവിൽ പ്രവർത്തിക്കുന്ന 2379 നന്മ സ്റ്റോറുകളും ആരംഭിച്ചിട്ടുള്ളത്. |
| (സി) | പുതുതായി ആരംഭിച്ച നന്മ സ്റ്റോറുകളിലെ ജീവനക്കാരുടെ നിയമന രീതി വ്യക്തമാക്കുമോ; | (സി) | സഹകരണ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഉള്ള സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ, വാടകയില്ലാതെ സൗജന്യമായി നൽകുന്ന മുറികളിലാണ് നന്മ സ്റ്റോർ ആരംഭിച്ചിട്ടുള്ളത്. അപ്രകാരം മുറികൾ സൗജന്യമായി നൽകുന്ന സ്ഥാപനങ്ങൾക്ക് ഒരു |

ജീവനക്കാരനെ നിർദ്ദേശിക്കാം എന്ന തീരുമാനമുള്ള പ്രകാരം ഒരാളെ ആ നിലയിലും രണ്ടാമത്തെ ജീവനക്കാരനെ അതാതു സ്ഥലങ്ങളിലെ ജനപ്രതിനിധികളുടെ നിർദ്ദേശ പ്രകാരവും ആണ് കൺസ്യൂമർഫെഡ് നിയമിച്ചു വരുന്നത്.

(ഡി) നന്മ സ്റ്റോറുകളിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

(ഡി) ചില സ്ഥലങ്ങളിൽ ജീവനക്കാർക്ക് ശമ്പളം ലഭിക്കാൻ കാലതാമസം ഉണ്ടായിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ട്. 2013 നവംബർ മാസം പർച്ചേസ് നടക്കാതിരുന്നതിനാൽ സ്റ്റോറുകളിലെ വിൽപ്പന കുറഞ്ഞതിനാലാണ് ശമ്പളം നൽകുവാൻ ഫെഡറേഷന് സാധിക്കാതിരുന്നത്. ജീവനക്കാരുടെ ശമ്പളം അതാത് യൂണിറ്റുകളിൽ നിന്നാണ് നൽകി വരുന്നത്. ജീവനക്കാർക്ക് ശമ്പളം ലഭ്യമാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ ആവശ്യമായ പരിഹാര നടപടികൾ ഫെഡറേഷൻ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ